## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3138 | 07-02-2018 -ൽ മറുപടിക്ക്

### വരൾച്ചയുമായി ബന്ധപ്പെട്ടുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അടൂർ പ്രകാശ്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കഴിഞ്ഞ വർഷത്തെ വരൾച്ചയുമായി ബന്ധപ്പെട്ടുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ കേന്ദ്രത്തോട് എത്ര തുകയാണ് ആവശ്യപ്പെട്ടതെന്ന് വെളിപ്പെടുത്തുമോ; | എ), ബി), സി), ഡി) & ഇ) | കഴിഞ്ഞ വർഷത്തെ വരൾച്ചയുമായി ബന്ധപ്പെട്ട് ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം 992.5 കോടി രൂപയുടെ ധനസഹായമാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നത്. കഴിഞ്ഞ വർഷം സംസ്ഥാനത്തെ വരൾച്ച ബാധിതമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ദേശീയ ദുരന്ത പ്രതികരണ നിധി (NDRF)യിൽ നിന്നും 112.05 കോടി രൂപയും നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം (NRDWP)-ന്റെ സ്പെഷ്യൽ കമ്പോണന്റിൽ നിന്നും 13.42 കോടി രൂപയും അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതായി കേന്ദ്ര കൃഷി വകുപ്പിൽ നിന്നും അറിയിച്ചിരുന്നു. കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകൾ കേന്ദ്ര വരൾച്ചാ സ്ഥിതി വിലയിരുത്തൽ സംഘം സന്ദർശിച്ചിരുന്നു. ഓരോ ജില്ലയിലും സന്ദർശിച്ച സ്ഥലങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>**പാലക്കാട്**: മംഗലം പാലം, എരിമയൂർ പഴയ പാലം, എരിമയൂർ ചെക്ക് ഡാം, നിരക്കോട് പാലം, ചുള്ളിയാർ ഡാം, കംബ്രാത് ചാല പാലം, മേനോൻ പാറ പാലം, BEML, NIDA പാലം ചെക്ക് ഡാം, മലമ്പുഴ ഡാം<br>**മലപ്പുറം:** തിരുവേഗപ്പുര, വളാഞ്ചേരി, കുറ്റിപ്പുറം, തിരുനാവായ, ഭാരതപ്പുഴ<br>**വയനാട്**: പുൽപ്പള്ളി, മുള്ളൻകൊല്ലി, വണ്ടികടവ്<br>**തൃശ്ശൂർ**: നെട്ടിശ്ശേരി പാടം, തിരുവില്ലാമല<br>**എറണാകുളം**: ആലുവ പമ്പിംഗ് സ്റ്റേഷൻ, പുത്തൻവേലിക്കര, താഴത്തുപാടം, കുന്നുകര<br>**തിരുവനന്തപുരം:** പൂവൻപാറ ബണ്ട്, വാമനപുരം നദി, ചാങ്ങാട് ഏല, വെള്ളല്ലൂർ ഏല, പഴയകുന്നുമ്മേൽ ഏല, കിളിമാനൂർ ചിറ്റാർ നദി, വാമനപുരം ഏല, നെല്ലനാട് ഏല, പെരിങ്ങമല ഏല, മാണിക്കൽ ഏല, |
| ബി) | ഇതിലേക്ക് കേന്ദ്രം അനുവദിച്ച തുക എത്രയാണ്; | | |
| സി) | വരൾച്ച ബാധിച്ച പ്രദേശങ്ങളിൽ കേന്ദ്ര സംഘം സന്ദർശനം നടത്തിയിരുന്നുവോ; എങ്കിൽ എവിടെയെല്ലാമാണ് സന്ദർശനം നടത്തിയത്; | | |
| ഡി) | പ്രസ്തുത സംഘത്തിൽ ആരെല്ലാമാണ് ഉണ്ടായിരുന്നത്; | | |
| ഇ) | ഇവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലഭിച്ച തുക എത്രയാണെന്നും എന്തെല്ലാം കാര്യങ്ങൾക്കാണ് ഈ തുക ചെലവഴിച്ചതെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ? | | |

<table>
<tr><td></td><td></td><td></td><td>നെയ്യാർ ഡാം, അമ്പൂരി വില്ലേജ്.<br>കേന്ദ്ര സംഘത്തിൽ ഉണ്ടായിരുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു.<ul><li>ശ്രീ. അശ്വനി കുമാർ (ടീം ലീഡർ) - ജോയിന്റ് സെക്രട്ടറി, മിനിസ്ട്രി ഓഫ് അഗ്രിക്കൾച്ചർ ആന്റ് ഫാർമേഴ്സ് വെൽഫെയർ</li><li>ശ്രീമതി.അഞ്ജലി ചന്ദ്ര – ചീഫ് എഞ്ചിനീയർ, മിനിസ്ട്രി ഓഫ് പവർ</li><li>ഡോ. കെ. പൊന്നുസ്വാമി - ഡയറക്ടർ, മിനിസ്ട്രി ഓഫ് അഗ്രിക്കൾച്ചർ ആന്റ് ഫാർമേഴ്സ് വെൽഫെയർ</li><li>ശ്രീ. ആർ.തങ്കമണി - ഡയറക്ടർ, മിനിസ്ട്രി ഓഫ് വാട്ടർ റിസോഴ്സസ് റിവർ ഡെവലപ്മെന്റ് ആന്റ് ഗംഗാ റിജുവനേഷൻ</li><li>ശ്രീ. ഗോപാൽ പ്രസാദ് - ഡയറക്ടർ, മിനിസ്ട്രി ഓഫ് ഫിനാൻസ്</li><li>ശ്രീ. മനാഷ് ചൗധരി - ഡെപ്യൂട്ടി അഡ്വൈസർ, നീതി ആയോഗ്</li><li>ശ്രീ. ജി.ആർ.സർഗാർ – സീനിയർ കൺസൾട്ടന്റ്, മിനിസ്ട്രി ഓഫ് ഡ്രിങ്കിംഗ് വാട്ടർ ആന്റ് സാനിട്ടേഷൻ</li><li>ശ്രീ. ഡി.വി.റാവു - അസിസ്റ്റന്റ് കമ്മീഷണർ, ഡിപ്പാർട്ടുമെന്റ് ഓഫ് ആനിമൽ ഹസ്ബൻഡറി & ഫിഷറീസ്</li><li>ശ്രീ. അഗസ്റ്റിൻ ക്ലിന്റൺ - അസിസ്റ്റന്റ് ജനറൽ മാനേജർ (ജി)& ഏരിയ മാനേജർ, എഫ്.സി.ഐ. കേരള റീജിയൺ</li><li>ശ്രീ, രാഹുൽ സിംഗ് - ഡെപ്യൂട്ടി ഡയറക്ടർ, മിനിസ്ട്രി ഓഫ് അഗ്രിക്കൾച്ചർ & ഫാർമേഴ്സ് വെൽഫയർ</li><li>ശ്രീ. വിജയ് രാജ് മോഹൻ – ഡയറക്ടർ (ഡി.എം.), ഡിപ്പാർട്ടുമെന്റ് ഓഫ് അഗ്രിക്കൾച്ചർ, കോ-ഓപ്പറേഷൻ & ഫാർമേഴ്സ് വെൽഫയർ</li></ul></td></tr>
</table>

സെക്ഷൻ ഓഫീസർ